# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ : 175**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ ഈ ലോകത്തിൽ സദാ കർമ്മനിരതരായിരിക്കുവാനുള്ള വിളിയും നിയോഗവുമാണ് നമുക്കു നല്കപ്പെട്ടിരിക്കുന്നത്. കാലത്തിന്റെ വെല്ലുവിളി മനസ്സിലാക്കി ദൈവവചനം വ്യാഖ്യാനിക്കുവാനും ഇടയശുശ്രൂഷ നിർവഹിക്കുവാനും കൂദാശകളുടെ അനുഷ്ഠാനത്തിലൂടെയും വചനത്തിന്റെ പ്രഘോഷണത്തിലൂടെയും വിശ്വാസ സമൂഹത്തെ ഒരുക്കുവാനുമുള്ള ഉത്തരവാദിത്വം പട്ടക്കാർക്കുണ്ട്. പട്ടക്കാരെ പരിശീലിപ്പിക്കുന്ന ശുശ്രൂഷയിൽ കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരി 2026 ൽ 100 വർഷം പൂർത്തീകരിക്കുകയാണ്. പുറപ്പാട് 25:9 അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത "തബ്നീത്" (മാതൃക അഥവാ ക്രമം) എന്ന വിഷയത്തോടുള്ള ബന്ധത്തിൽ വിവിധ ശതാബ്ദി ആഘോഷ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നു. ശതാബ്ദി ഉദ്ഘാടന സമാപന ചടങ്ങുകൾ കൂടാതെ, അക്കാദമിക സെമിനാറുകൾ, പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സഹായം, നേതൃത്വ ശാക്തീകരണ പരിപാടികൾ, B. C. S. കോഴ്സ്, പരിസ്ഥിതി പരിരക്ഷണ സംബന്ധമായ വൃക്ഷത്തൈ നടീൽ, 2026 - ലെ സെറാമ്പൂർ സർവ്വകലാശാല ബിരുദദാന ചടങ്ങ് (Convocation), Sinai Centenary Block തുടങ്ങി നിരവധി പരിപാടികൾ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ക്രമീകരിച്ചിരിക്കുന്നു.

ശതാബ്ദി ആഘോഷിക്കുന്ന നമ്മുടെ സെമിനാരി ദൈവശാസ്ത്ര അഭ്യസനരംഗത്തു സെറാമ്പൂർ സർവ്വകലാശാലയുടെ കീഴിലുള്ള ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ ഒന്നാണ്. സെറാമ്പൂർ സർവ്വകലാശാലയുടെ നാല് വർഷ B. D. പ്രോഗ്രാമിൽ ഇപ്പോൾ 58 വിദ്യാർത്ഥികൾ പരിശീലനം നേടുന്നു. ബിരുദാനന്തര പഠനത്തിനും ഗവേഷണത്തിനും അവസരമൊരുക്കുന്ന F.F.R.R.C. യിൽ വിവിധ സഭാ, ഭാഷാ സമൂഹങ്ങളിൽ നിന്നുള്ള പത്ത് പേർ M. Th നും എട്ട് പേർ D. Th നും സെമിനാരിയിൽ താമസിച്ച് പഠിക്കുന്നു. ഇത് സെമിനാരിയുടെ എക്യുമെനിക്കൽ ദർശനം വളർത്തിയെടുക്കുവാൻ സഹായിക്കുന്നു.

കറുകച്ചാൽ എക്സ്റ്റൻഷൻ ക്യാമ്പസിൽ എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരമുള്ള ആറ് മാസ പ്രീ - തിയോളജി കോഴ്സ് സെപ്റ്റംബർ മാസം മുതൽ ആരംഭിച്ചു. 21 വിദ്യാർത്ഥികൾ പരിശീലനം നേടുന്നു. മൂന്ന് ഫാക്കൽറ്റി അംഗങ്ങളും നാല് M. Th വിദ്യാർത്ഥികളും ക്യാമ്പസിൽ താമസിക്കുന്നു. അതോടൊപ്പം B.D. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിശീലനവും ക്യാമ്പസിൽ ക്രമീകരിച്ചു.

നമ്മുടെ സെമിനാരിയെ ഓർത്തു പ്രാർത്ഥിക്കുന്നതിനും സ്തോത്രകാഴ്ചയിലൂടെ സെമിനാരിയെ സഹായിക്കുന്നതിനും വേർതിരിച്ചിരിക്കുന്ന ദിവസമാണല്ലോ ഹോശാന ഞായറാഴ്ച. നിലവിലുള്ള സാമ്പത്തിക നയങ്ങളും മറ്റും സെമിനാരിയുടെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ വർഷത്തെ സ്തോത്രകാഴ്ചയിലൂടെ 80 ലക്ഷം രൂപായെങ്കിലും ലഭിച്ചുവെങ്കിൽ മാത്രമേ സാമ്പത്തിക പ്രതിസന്ധികൾ മറികടന്ന് സെമിനാരി പ്രവർത്തനം സുഗമമായി മുമ്പോട്ടു കൊണ്ടുപോകുവാൻ കഴിയുകയുള്ളു. സെമിനാരി പ്രവർത്തനങ്ങൾക്കു സഹായം നല്കിയ എല്ലാ ഇടവകകളോടും വ്യക്തികളോടുമുള്ള നന്ദി അറിയിക്കുന്നു. സെമിനാരിയുടെ സാമ്പത്തിക ആവശ്യങ്ങൾ മനസ്സിലാക്കി എല്ലാവരും ഈ വർഷത്തെ ഹോശാന ഞായറാഴ്ചയിലെ (2026 മാർച്ച് 29 ലെ) സ്തോത്രകാഴ്ചയിൽ സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു. ഈ ഇനത്തിൽ ലഭിക്കുന്ന തുക മുഴുവനും Principal, Mar Thoma Theological Seminary, P.B. No. 287, Kottayam 686 001, Kerala, India എന്ന വിലാസത്തിലോ, സഭാ ആഫീസിലോ 2026 ഏപ്രിൽ 30 - ാം തീയതിക്കകം അയച്ചുകൊടുക്കുന്നതിന് ഇടവക ചുമതലക്കാർ ശ്രദ്ധിക്കുമല്ലോ.

സഭയുടെ ശുശ്രൂഷയിൽ സെമിനാരിയിലൂടെ ലഭിക്കുന്ന പരിശീലനം കാലാനുസരണവും അനുഗ്രഹകരവുമായി തുടരുന്നതിന് സഭയായി പ്രാർത്ഥിക്കുകയും, സഹകരിക്കുകയും ചെയ്യണമെന്ന് വീണ്ടും ഉത്ബോധിപ്പിക്കുന്നു. ദൈവരാജ്യ പ്രവർത്തനത്തിൽ പങ്കാളികളാകുവാൻ ദൈവം നാമേവരേയും സഹായിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് ക്രിസ്തോബ്ദം 2026 ഫെബ്രുവരി 03 –ാം തീയതി തിരുവല്ലാ പുലാത്തീനിൽ നിന്നും

Theodosius Metropolitan

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

Circular No: 175

*Blessings to all the Vicars, Resident Clergy, Trustees and Members of all our Parishes in the Church*

Dearly Beloved in Christ,

The church is called and commissioned to engage actively in the world and to enliven the values of the kingdom of God on earth. The clergy of the church are bestowed with the responsibilities of interpreting the word of God and doing effective pastoral ministry by discerning the signs of the times. They are called to observe meaningfully the faith and sacraments of the church and equip the faith community to witness to the salvific act of Our Lord and Saviour in this world. The Mar Thoma Theological Seminary, Kottayam is completing 100 years in 2026 in the ministry of training the clergy of the church. Various centenary celebrations have been arranged in connection with the theme "Tabnit" (pattern or order) based on Exodus 25:9. Apart from the centenary inaugural and valedictory ceremonies, academic seminars, alumni reunions, educational assistance for economically backward students, leadership empowerment programmes, B.C.S. course, tree planting related to environmental protection, Serampore University Convocation in the year 2026, Sinai Centenary Block etc. have been arranged as part of the centenary celebrations.

Our seminary is one of the prestigious theological institutions under the Senate of Serampore College offer the four year B.D. Programme and currently 58 students are being trained at the Seminary. In the Post-graduate and Doctoral studies of the Federated Faculty for Research in Religion and Culture (F.F.R.R.C.), ten M.Th. and eight D.Th. students hailing from different denominations and linguistic backgrounds are staying on the campus. The inclusive approach of seminary fosters a deeper understanding of ecumenical vision.

Following the decision of the Episcopal Synod, six-month pre-theology course began in the month of September at the Karukachal Extension Campus and 21 students are undergoing this training. Three faculty members and four M.Th. students are residing in the campus. Furthermore, special training classes for those who have completed their B.D. course have also been conducted on the campus.

Palm Sunday is set aside by our church to pray for our seminary and support it through the offertory. The seminary's financial situation has been severely affected by the current economic policies. To ensure the smooth functioning of seminary activities, at least 80 lakh rupees has to be collected through this year's Palm Sunday offertory. Gratitude is indebted to all the parishes and individuals who have contributed generously to the works of seminary. I urge you all to understand the financial needs of the seminary and participate generously in this year's Palm Sunday (29th March 2026) offertory. The entire offertory collected on the Palm Sunday has to be sent to the Principal, Mar Thoma Theological Seminary, P.B. No. 287, Kottayam - 686 001, Kerala, India or directly to the Sabha Office, Thiruvalla by April 30, 2026.

I exhort you all to pray and support the seminary so that the theological training received from the seminary may be contextual, blessed, and meaningful for the ministry of the church. May the Almighty God enable us to actively participate in the works of the Kingdom of God.

May God's Grace be with you all

Dated 3rd February 2026 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**